# THIRUVANCHOOR
# ST. THOMAS CHURCH



ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാശ്ലീഹായുടെ നാമധേയത്തിൽ ഈ ദേവാലയം സ്ഥാപിതമായിട്ട് ഇന്നേക്ക് 73 വർഷം പിന്നിട്ടിരിക്കുകയാണ്. കോട്ടയം പട്ടണത്തിന് കിഴക്ക് വടക്കായി മണർകാട് ഏറ്റുമാനൂർ ബൈപാസിൽ തിരുവഞ്ചൂർ കവലയിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ കിഴക്കായി വന്നല്ലൂർകര എന്ന ഗ്രാമത്തിൽ ആണ് ഈ ദേവാലയം സ്ഥിതി ചെയ്യുന്നത്. റബർ തോട്ടങ്ങളുടെ നടുവിൽ സ്ഥിതി ചെയ്തിരുന്നതിനാൽ ഈ പള്ളിയെ തോട്ടത്തിൽ പള്ളിയെന്നും, പിൽക്കാലത്ത് അത് തോട്ടം പള്ളിയെന്നും അറിയപ്പെടാൻ തുടങ്ങി. ഇന്ന് 80 കുടുംബങ്ങൾ ഉള്ള ഈ പള്ളി നാനാജാതി മതസ്ഥരുടെ ഒരു അഭയകേന്ദ്രമായി മാറിയിരിക്കുകയാണ്.

1934 –ൽ (ME 1109–ാ മാണ്ടിൽ) നിലനിന്നിരുന്ന നിയമങ്ങൾക്ക് വിധേയമായി ബഹുമാനപ്പെട്ട തിരുവിതാംകൂർ ഗവൺമെന്റിന്റെ ആർ.ഒ.സി. നമ്പർ234 ജനറൽ 440–ൽ വൃശ്ചികം 43–ലെ ഹജ്ജൂർ ഉത്തരവ് പ്രകാരം ഈ ദേവാലയം സ്ഥാപിക്കുന്നതിലേക്കായി ആവശ്യമായ സ്ഥലം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ആയിരുന്ന തിരുവഞ്ചൂർ ചോറാറ്റിലായ കനകത്തിൽ പരേതനായ സി.റ്റി. ഉമ്മൻ കൊല്ല വർഷം 1109–ാ മാണ്ട് മകരമാസം 26–ാം തീയതി തൃക്കോതമംഗലം മാർ ശർബീൽ ദയറായിൽ ഇരുന്നരുളിയിരുന്ന കോട്ടയം മുതലായ ഇടവകകളുടെ നി.വ.ദി.ശ്രീ. മീഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് ഇഷ്ടദാനമായി നൽകി.

കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്തയായി അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായാൽ അഭിഷേകം ചെയ്യപ്പെട്ട് സ്ഥാത്തിക്കോൻ ആകുന്ന അധികാരപത്രം പ്രാപിക്കുന്ന അതതു കാലങ്ങളിലെ മെത്രാപ്പോലീത്തയുടെ പൂർണ്ണ സ്വാതന്ത്ര്യത്തിൽ ഭരിക്കപ്പെടുവാൻ തക്കവണ്ണം ആധാരം രജിസ്റ്റർ ചെയ്ത് പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ വിശ്വാസ ആചാരമര്യാദകൾക്കനുസരണമായ കർമ്മാദികൾ അനുഷ്ഠിക്കുന്നതിന് ഈ പള്ളി സ്ഥാപിച്ചു. ഈ പള്ളിയുടെ ആദ്യ വികാരിയായി മൈലപ്പള്ളിൽ ബഹുമാനപ്പെട്ട തൊമ്മൻ യാക്കോബ് കത്തനാരെ നിയമിച്ച് ആക്കി. അന്ന് ഉദ്ദേശം 7 കുടുംബങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്.

ഈ പള്ളിയുടെ പ്രധാന ത്രോണോസ് മാർതോമ്മാശ്ലീഹായുടെ നാമധേയത്തിലും ഇടത്തും വലത്തും ഉള്ള ത്രോണോസുകൾ യഥാക്രമം പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലും പരിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിലുമാണ് സ്ഥാപിച്ചിരിക്കുന്നത്. പ്രധാന പെരുനാളായ തോമ്മാശ്ലീഹായുടെ ദുഖ്റോനോ പെരുനാൾ എല്ലാ വർഷവും ഡിസംബർ 27, 28 തീയതികളിലും ദൈവമാതാവിന്റെ

വാങ്ങിപ്പിന്റെ പെരുനാൾ ഓഗസ്റ്റ് മാസം 15–ാം തീയതിയും ഗീവർഗീസ് സഹദായുടെ പെരുനാൾ മേയ് മാസത്തിലെ രണ്ടാമത്തെ ആഴ്ചയും നടത്തി വരുന്നു.

ദേവാലയത്തിലെ ഇടത്തെ ത്രോണോസിനോട് ചേർന്ന് അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവയുടെയും, കടവിൽ പൗലൂസ് മാർ അത്താനാസിയോസ് തിരുമേനിയുടെയും, മിഖായേൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെയും തിരുശേഷിപ്പുകൾ കോട്ടയം ഇടവകയുടെ മെത്രപ്പോലീത്ത ആയിരുന്ന കാലംചെയ്ത ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയാൽ സ്ഥാപിക്കപ്പെട്ടിട്ടു ണ്ട്. മേൽപ്പറഞ്ഞ പരിശുദ്ധ പിതാക്കന്മാരുടെ നാമധേയത്തിൽ എല്ലാ ആദ്യ ശനിയാഴ്ചകളിലും ഈ ദേവാലയത്തിൽ വി. കുർബ്ബാനയും, മദ്ധ്യസ്ഥപ്രാർത്ഥനകളും നടത്തപ്പെടുന്നുമുണ്ട്.

1989–90 കാലയളവിൽ ഈ പള്ളിയിലെ വികാരി ആയിരുന്ന ബഹുമാനപ്പെട്ട പതിയാക്കൽ തോമസ് അച്ചന്റെയും ഇടവാംഗങ്ങളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ആദ്യ ദേവാലയ ത്തിന്റെ സ്ഥാനത്ത് ഇപ്പോൾ നിൽക്കുന്ന പുതിയ ദേവാലയം പണികഴിപ്പിച്ച് 1990 ഡിസംബർ മാസം 27 –ാം തീയതി, കാലംചെയ്ത കോട്ടയം ഭദ്രാസന മെത്രപ്പോലീത്ത ആയിരുന്ന ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായാൽ കൂദാശ ചെയ്യപ്പെടുകയുണ്ടായി.

ഈ ദേവാലയത്തിന്റെ കീഴിൽ സെന്റ് തോമസ് സൺഡേ സ്കൂൾ, വി. മർത്തമറിയം വനിതാ സമാജം, യൂത്ത് ലീഗ്, പ്രാർത്ഥനായോഗം എന്നിവ നടത്തപ്പെടുന്നുണ്ട്. ഇപ്പോൾ ബാഹ്യകേരള ഭദ്രാസ നത്തിൽ സേവനമനുഷ്ഠിക്കുന്ന ജേക്കബ് കക്കാട്ടിൽ അച്ചനും അമേരിക്കൻ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിക്കുന്ന സാബു റ്റി. ചോറാറ്റിൽ അച്ചനും ഈ പള്ളിയിലെ ഇടവകാംഗങ്ങളാണ്. യാക്കോബായ സുറിയാനി സഭയ്ക്കുവേണ്ടി ചെയ്ത സേവനങ്ങളെ അംഗീകരിച്ച് ഈ പള്ളി ഇടവകാംഗമായ കനക ത്തിൽ ശ്രീ. തോമസ് ദാസിന് 2003 –ൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ കമാണ്ടർ പദവി നൽകി ആദ രിക്കുകയുണ്ടായി.

സെന്റ് തോമസ് ചാരിറ്റബിൾ ട്രസ്റ്റ് എന്ന പേരിൽ ഒരു ട്രസ്റ്റിന് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടു ണ്ട്. പ്രസ്തുത ട്രസ്റ്റിൽ നിന്നും ഇടവകയിലെയും ഇതര സമുദായങ്ങളിലെയും കഷ്ടത അനുഭവിക്കുന്ന വർക്കുവേണ്ടി വൈദ്യസഹായം, വിദ്യാഭ്യാസ സഹായം, ഭക്ഷ്യ സഹായം, വിവാഹ സഹായം തുട ങ്ങിയ സഹായങ്ങൾ ചെയ്തു വരുന്നു. ഈ ദേവാലയത്തിന്റെ കാവൽപിതാവായ മാർതോമ്മാശ്ലീഹാ യുടെ അനുഗ്രഹാശിസ്സുകളാൽ ഈ ദേവാലയവും ഇടവകാംഗങ്ങളും മേൽക്കുമേൽ അഭിവൃദ്ധി പ്രാപി ച്ചുവരുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org